2. സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും തേയില ലേലത്തിന് പങ്കെടുക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനും ശബരി തേയില പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

3. പ്ലാന്റേഷനുകളിലെ കുടിവെള്ളം, ശൗചാലയങ്ങൾ, റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപടി സ്വീകരിക്കുന്നതാണ്.

4. തേയില-ലേലം കമ്പനി വിപണി എന്നിവയുടെ അനുപാതം 70:30 എന്നതിൽനിന്നും മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തയക്കുന്നതാണ്.

തൊഴിൽ രഹിത വേതനം

264(2733) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഒരാൾക്ക് നൽകുന്ന പ്രതിമാസ തൊഴിൽ രഹിത വേതനം എത്രയാണെന്ന് അറിയിക്കുമോ;

(സി) നിലവിൽ എത്ര മാസത്തെ തൊഴിൽരഹിത വേതനം കുടിശ്ശികയുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) കുടിശ്ശിക വിതരണം ചെയ്യുവാൻ എത്ര തുക വേണ്ടി വരുമെന്നാണു കണക്കാക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) തൊഴിൽരഹിത വേതനം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കു നൽകുന്നതിനുള്ള പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2015 ആഗസ്റ്റ് മാസം വരെയുള്ള കണക്ക് പ്രകാരം പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ ആകെ എണ്ണം 36,76,490 ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ഒരാൾക്ക് പ്രതിമാസം 120 (നൂറ്റി ഇരുപത് രൂപ മാത്രം) രൂപയാണ് തൊഴിൽരഹിത വേതനമായി അനുവദിക്കുന്നത്.

(സി) നിലവിൽ 7/2015 മുതൽ 11/2015 വരെയുള്ള 5 മാസക്കാലത്തെ തൊഴിൽരഹിത വേതനം കുടിശ്ശികയുണ്ട്.

(ഡി) ജൂലൈ 2015 മുതൽ നവംബർ 2015 വരെയുള്ള അഞ്ചുമാസക്കാലത്തെ കുടിശ്ശിക വേതനം വിതരണം നടത്തുന്നതിന് 13,17,94,200 രൂപ (പതിമൂന്ന് കോടി പതിനേഴ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി ഇരുന്നൂറ് രൂപ മാത്രം) വേണ്ടിവരും.

(ഇ) ഇത്തരത്തിലുള്ള പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

അസംഘടിത മേഖലയിലെ തൊഴിൽ സുരക്ഷ

265(2734) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവരുടെ തൊഴിലും കൂലിയും ഉറപ്പു വരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഏതെല്ലാം വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധികൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഓരോ ക്ഷേമനിധിയിലുമായി എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഓരോ ക്ഷേമനിധിയിലും എത്ര പെൻഷൻകാർ ഉണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പരമ്പരാഗത മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരും 25,000 രൂപയോ അതിൽ കുറവോ വരുമാനമുള്ളവരുമായ തൊഴിലാളികൾക്ക് അവരുടെ വരുമാനത്തിന് പിൻബലം നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണ് വരുമാന സഹായ പദ്ധതി. ബീഡി, ഖാദി, മത്സ്യബന്ധനവും സംസ്കരണവും, കയർ, കൂട്ട, പായ നെയ്ത്ത്, കൈത്തറി എന്നീ മേഖലയിൽ ജോലി ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly